# വി. സി. ശ്രീജൻ ഹിഗ്വിറ്റയെ വായിക്കുമ്പോൾ

**സിനുമോൾ തോമസ്സ്**

**ആമുഖം**

ആധുനികോത്തര 1 നിരൂപകന്മാരിൽ പ്രമുഖനാണ് വി.സി. ശ്രീജൻ. പോസ്റ്റ് മോഡേൺ നിരൂപണത്തിലെ അപനിർമ്മാണത്തിന്റെ2 പ്രതിനിധിയായിട്ടാണ് മലയാള സാഹിത്യവിമർശനത്തിൽ അദ്ദേഹം രംഗപ്രവേശം ചെയ്യുന്നത്. ഭാരതീയ സാഹിത്യ സിദ്ധാന്തങ്ങളിൽ ഏറെ പ്രാധാന്യമർഹിക്കുന്ന ധ്വനിയെ3 തന്റെ നിരൂപണത്തിന്റെ ഭാഗമാക്കാനും വി.സി. ശ്രീജന് കഴിയാറുണ്ട്. ധ്വനിയെ മുൻ നിർത്തിക്കൊണ്ട് നിരൂപണം ചെയ്യുന്ന നിരൂപകൻ എന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കുന്നതിനു കാരണവും അതു തന്നെ. നിരൂപണത്തിന്റെ ഒരു സവിശേഷ സാധ്യതയായി പ്രത്യയശാസ്ത്രപരമായ സമീപനത്തെ സ്വീകരിക്കുകയും ആ മാർഗത്തിലൂടെ കഥാനിരൂപണം നിർവ്വഹിക്കുകയും ചെയ്യുന്നത് വി.സി. ശ്രീജന്റെ നിരൂപണത്തിന്റെ സവിശേഷതകളിൽ പ്രധാനപ്പെട്ടതാണ്.

ഇരുപതാംനൂറ്റാണ്ടിന്റെ ബൗദ്ധിക മണ്ഡലത്തെ ആഴത്തിലും പരപ്പിലും സ്വാധീനിച്ച അന്റോണിയോ ഗ്രാംഷിയുടേയും4 ലൂയി അൽത്തൂസറിന്റെയും5 പ്രത്യയശാസ്ത്രചിന്തകൾ 1990 കളിൽ മലയാള വിമർശനത്തെയും സജീവമാക്കി. നവമാർക്സിസത്തിന്റെ ഈ സൈദ്ധാന്തിക ഉപാധികളെയും സംസ്കാര പഠനത്തിന്റെ രീതിശാസ്ത്രങ്ങളെയും വിധമായി പ്രയോഗിച്ചിട്ടുള്ളവയാണ് ശ്രീജന്റെ കഥാ നിരൂപണങ്ങൾ. കഥയ്ക്കു പിന്നിലെ രാഷ്ട്രീയം വിശകലന വിധേയമാക്കുന്ന, അദ്ദേഹത്തിന്റെ ഒരു കഥാ പഠനഗ്രന്ഥത്തിന്റെ പേരു തന്നെ കഥയും പ്രത്യയശാസ്ത്രവും എന്നതാണ്.

സാഹിത്യരചനയ്ക്കു പിന്നിൽ പ്രവർത്തിക്കുന്ന സൂക്ഷ്മമായ അധികാര പ്രയോഗങ്ങളെയും ഭൗതിക താല്പര്യങ്ങളെയും ഇഴ പിരിച്ചു കാണിക്കാനുള്ള ശ്രമമാണ് ശ്രീജന്റെ ഓരോ കഥാപഠനവും. കേവലമായ സൗന്ദര്യം എന്നൊന്നില്ലെന്നും ഭൗതികവും ചരിത്രപരവുമാണ് സൗന്ദര്യാനുഭവമെന്നും വിശ്വസിക്കുന്ന ശ്രീജൻ ഈ കാഴ്ച്ചപ്പാടോടു കൂടിയാണ് കഥകളെ വിശകലന വിധേയമാക്കുന്നതെന്ന് വത്സലൻ വാതുശേരി നിരീക്ഷിക്കുന്നുണ്ട് (2015: 173-175).

സക്കറിയ, അഷിത, അംബികാസുതൻ മാങ്ങാട്, മാധവിക്കുട്ടി, വത്സല, ടി. പദ്മനാഭൻ, എൻ. എസ്. മാധവൻ തുടങ്ങിയവരുടെ കഥകൾ ഇത്തരത്തിൽ ശ്രീജൻ വിശകലനം ചെയ്യുന്നുണ്ട്. ആധുനികതയ്ക്കു ശേഷം വന്ന കഥകളെ ആധുനികാനന്തര കഥ എന്നു വിശേഷിപ്പിക്കാൻ തയ്യാറാകാത്ത ശ്രീജൻ കഥയുടെ ഈ സവിശേഷ സന്ദർഭത്തെ നവയഥാതഥവാദം എന്നാണ് വിളിക്കുന്നത് (174).

**ശാസകന്റെ മൃദുസ്പർശം.**

ഏതു കഥയെയും പ്രത്യയശാസ്ത്രപാരായണത്തിന്റെ വഴിയെ വിശകലനം ചെയ്യാമെന്നും അതുവഴി കഥയുടെ ഒളിപ്പിച്ചു വെച്ച താല്പര്യങ്ങളെ അനാവരണം ചെയ്യാമെന്നും ബോധ്യപ്പെടുത്തുന്ന നിരൂപണമാണ് വി.സി. ശ്രീജന്റെ ശാസകന്റെ മൃദുസ്പർശം. കഥയുടെ സൂക്ഷ്മഘടനയെ പൊളിച്ചു പണിയുന്ന അപനിർമ്മാണത്തിന്റെ കലയാണ് എൻ.എസ്. മാധവന്റെ ഹിഗ്വിറ്റ 6 എന്ന കഥയെ മുൻനിർത്തി വി.സി.ശ്രീജൻ സാധ്യമാക്കുന്നത്. മലയാള

കഥാ ചരിത്രത്തിലെ നാഴികകല്ലായി വാഴ്ത്തപ്പെട്ട ഒരു കഥയാണ് ഹിഗ്വിറ്റ. ഏതു ജനപ്രിയകഥയിലും കാണാവുന്ന സരളമായ ഇതിവൃത്തമേ ഹിഗ്വിറ്റയിലുള്ളവെന്ന പക്ഷക്കാരനാണ് വി.സി. ശ്രീജൻ. പ്രതിനായകനെ അടിച്ചു വീഴ്ത്തി നായികയെ രക്ഷിക്കുന്ന ജനപ്രിയ നായകന്റെ കഥയായി ഹിഗ്വിറ്റയെ ശ്രീജൻ വായിച്ചെടുക്കുന്നു. ഹിഗ്വിറ്റ എന്ന കഥയുടെ ജനപ്രീതിക്ക് കാരണം ആയി ശ്രീജൻ നിരീക്ഷിക്കുന്നത്

> ശിക്ഷിയ്ക്കപ്പെടാതെ പോവുന്ന അക്രമങ്ങളിലും ഏറെ കാലം വൈകി എത്തുന്ന നീതിയിലും പ്രതികരിക്കാത്ത സമൂഹ മനസ്സാക്ഷിയിലും കോധാവിഷ്ടരായി കഴിയുന്ന ദുർബ്ബല വിഭാഗങ്ങളുടെ ധാർമ്മിക വേഷത്തിന് ഒരു ചാല് തുറന്നു കൊടുക്കാൻ ഇതു പോലുള്ള സരളമായ കഥാംശ ഘടനയ്ക്ക് കഴിയും (1996: 108)

എന്നതാണ്. എന്നാൽ വെറുമൊരു ജനപ്രിയ കഥയായല്ല; മറിച്ച് കഴിഞ്ഞ ഒരു നൂറ്റാണ്ടിനുള്ളിൽ ഉണ്ടായ മികച്ച കഥകളിലൊന്നായാണ് ഹിഗ്വിറ്റ വാഴ്ത്തപ്പെടുന്നത്. ഇതിനു കാരണമായി വി.സി. ശ്രീജൻ ചൂണ്ടിക്കാട്ടുന്നത് 'സിനിമയിലും ജനപ്രിയ സാഹിത്യത്തിലും ആവർത്തിക്കുന്ന അനഭിജാതമായ ഈ കഥാംശ ഘടനയ്ക്ക് അലങ്കാരങ്ങളുടെയും അസ്പഷ്ടധ്വനികളുടെയും ആവരണമിട്ട് അതിനെ അഭിജാതമാക്കുകയാണ് കഥാകൃത്ത് (108) എന്നാണ്. ജനപ്രിയ കഥയുടെ ഇതിവൃത്തത്തെ അലങ്കാരങ്ങളും അസ്പഷ്ട ധ്വനികളും കൊണ്ട് എൻ. എസ്. മാധവൻ സാഹിത്യമാക്കി മാറ്റുകയാണ് ചെയ്തതെന്ന് എന്നാണ് ശ്രീജൻ കണ്ടെത്തുന്നത്.

അലങ്കാര ശൂന്യമായ ന്യൂനോക്തി ഹിഗ്വിറ്റയിൽ അലങ്കാരമായി മാറുന്നതും ജനപ്രിയസിനിമകളിലും മറ്റും ചായം തേച്ച് നിറം പിടിപ്പിക്കുന്ന വൈകാരിക സംഘർഷ ദൃശ്യം ഇവിടെ നിർവ്വികാരമായ ഭാഷയിൽ അവതരിപ്പിക്കുന്നതും ഹിഗ്വിറ്റയുടെ വായനാനുഭവത്തെ വ്യത്യസ്തമാക്കി തീർക്കുന്നുണ്ട്. ഹിഗ്വിറ്റയുടെ പല ആകർഷണങ്ങളിലൊന്നായി ശ്രീജൻ ചൂണ്ടിക്കാട്ടുന്നത് 'ആലങ്കാരികതയുടെ മർമ്മത്തിലിരിക്കുന്ന വിടവു നിമിത്തം അനുഭവപ്പെടുന്ന നിഗൂഢത'(111)യാണ്. വേദപുസ്തകത്തിൽ നിന്നുള്ള പരാമർശങ്ങളിലും നിഗൂഢത കാണാം. ഗോളിയെ പഴയ നിയമത്തിലെ യൂദായുടെ മകൻ ഒനാനായും ക്രൂശിൽ തറയ്ക്കപ്പെട്ട യേശുവായും ഗോലിയാത്തായും കാണുമ്പോൾ ഹിഗ്വിറ്റ അധിക വായനയ്ക്ക് അനന്തസാധ്യതകളൊരുക്കുകയാണ്. ഫുട്ബോളിന്റെയും വേദപുസ്തകത്തിന്റെയും ഭാഷകൾ സംഗമിക്കുന്ന ഗീവർഗീസച്ചന് താൻ ചെയ്യേണ്ടത് സാധാരണ ധർമ്മമല്ല എന്ന് ബോധ്യപ്പെടുത്താൻ ഗോളിയായി കൊളമ്പിയൻ ഗോളി ഹിഗ്വിറ്റയുടെ ബിംബം കടന്നുവരുന്നതോടെ കഴിയുന്നുണ്ട്.

പ്രേമചേഷ്ടയുടെ ഭാഷയിലുള്ള പീഡനമാണ് ലൂസിയോട് ജബ്ബാർ ചെയ്യുന്നതെന്ന് നിരീക്ഷിക്കുന്ന വി.സി. ശ്രീജൻ ഈ രീതി ഹിന്ദി സിനിമയിലെ പീഡനരംഗങ്ങളിൽ കാണാമെന്നും ജബ്ബാർ ഏതോ സിനിമയിലെ വില്ലനെപ്പോലെയാണ് സംസാരിക്കുന്നത് എന്നും സൂചിപ്പിക്കുന്നുണ്ട്. പൈങ്കിളി സാഹിത്യം, ഉദാത്ത സാഹിത്യമായി മാറുന്നതെങ്ങനെയെന്ന് ജബ്ബാറിനെ അച്ചൻ ചവിട്ടി വീഴ്ത്തിയ രംഗത്തെ മുൻ നിർത്തി വി.സി. ശ്രീജൻ ചൂണ്ടിക്കാട്ടുന്നുണ്ട്. 'ആക്രമിക്കാൻ മുന്നോട്ടാഞ്ഞ ജബ്ബാറിന്റെ കൈ ഉയർന്ന ഉടനെ അച്ചൻ അവനെ ചവിട്ടി വീഴ്ത്തി' എന്നാണ് കഥയിലുള്ളത്. ഈ സംഭവം ഇതേപടി അവതരിപ്പിക്കുന്നത് പൈങ്കിളി സാഹിത്യമായി. എന്നാൽ അലങ്കാരങ്ങളാൽ പൊതിഞ്ഞ്

അവതരിപ്പിച്ചാൽ ഉദാത്ത സാഹിത്യവുമാകും'(116). ഒരു പൈങ്കിളി പ്രമേയത്തെ അലങ്കാരങ്ങളാൽ പൊതിഞ്ഞ് ഉദാത്ത സാഹിത്യമാക്കുന്ന വിദ്യയാണ് ഹിഗ്വിറ്റയിൽ നടക്കുന്നതെന്നാണ് ശ്രീജൻ ആരോപിക്കുന്നത്.

നായികയെ രക്ഷിക്കുന്ന നല്ലവനായ ഒരു നായകനാക്കി ഹിഗ്വിറ്റയിലെ അച്ചനെ തിരിച്ചറിഞ്ഞുകൊണ്ട് ശ്രീജൻ എഴുതുന്നു.

> ഇത് നമ്മുടെ സിനിമയിലെയും ജനപ്രിയ സാഹിത്യത്തിലെയും മുഖ്യ ഘടകമാണ്. ജനപ്രിയ നായകന്റെ അതേ ഭാഗമാണ് അച്ചന് ഹിഗ്വിറ്റയിൽ. ജനപ്രിയ സാഹിത്യത്തിന്റെ ഈയൊരു തലത്തിൽ ഹിഗ്വിറ്റയും വ്യാപരിക്കുന്നു. ഈ കഥയുടെ ആകർഷണത്തിന്റെ ഒരു കാരണമാണ് ഇതിന് ജനപ്രിയ സാഹിത്യവുമായുള്ള സാദൃശ്യം. ജനപ്രിയ കഥകളിലെ ഒരംശത്തിന് ഉദാത്ത സാഹിത്യത്തിന്റെ മുഖാവരണം കാട്ടുമ്പോഴുള്ള ആശ്വാസം ഹിഗ്വിറ്റ വായനയിലൂടെ ആസ്വാദകർ അനുഭവിക്കുന്നു (1996: 116)

ഗോളിക്കും പുരോഹിതനും വിധിച്ചിട്ടുള്ളത് ദൃക്സാക്ഷിയായിരിക്കൽ മാത്രമാണ്. എന്നാൽ ഹിഗ്വിറ്റ സാധാരണ ഒരു ഗോളിയല്ല. പന്തുമായി കളിക്കളത്തിലേക്ക് മുന്നേറുന്ന ഹിഗ്വിറ്റ നൽകുന്ന മാതൃകയാണ് ഗീവർഗീസച്ചനെ വൈദികന്റെ ധർമ്മത്തിൽ നിന്നും രക്ഷകന്റെ റോളിലേക്ക് മാറാൻ പ്രേരിപ്പിക്കുന്നതെന്ന് ശ്രീജൻ കണ്ടെത്തുന്നുണ്ട്. ദൃക്സാക്ഷിയായിരിക്കൽ എന്ന കർമ്മത്തിൽ നിന്നും മാറി  ധാർമ്മികമായ തീരുമാനം നടപ്പിലാക്കുന്ന കർത്താവിന്റെ റോളിലേക്ക് മാറ്റുന്നു.

എന്നാൽ ജനപ്രിയകഥയിലേതിൽ നിന്നും ചില വ്യത്യാസങ്ങൾ ഹിഗ്വിറ്റയ്ക്കുണ്ടെന്നത് നിരൂപകൻ ചൂണ്ടിക്കാണിക്കുന്നുണ്ട്. ജനപ്രിയ സിനിമയിലേതുപോലെ എല്ലാ ദുഷ്ടന്മാരും ഇരുമ്പഴിക്കുള്ളിൽ ഒതുങ്ങി നല്ലവരുടേതു മാത്രമായൊരു ലോകം ഈ കഥയിൽ അവശേഷിക്കുന്നില്ല. ജനപ്രിയ കഥയിലെ പൂർണ്ണവിരാമം ഹിഗ്വിറ്റയിലില്ല. എല്ലാ പ്രശ്നങ്ങളും ഈ കഥയിൽ പരിഹരിക്കപ്പെടുന്നുമില്ല (117) എന്നത് ഹിഗ്വിറ്റയെന്ന കഥയെ ജനപ്രിയ സാഹിത്യത്തിൽ നിന്ന് നിർത്തുന്നുണ്ട്. ജനപ്രിയ കഥയിലേതിൽ നിന്നും ചില വ്യത്യാസങ്ങൾ ഹിഗ്വിറ്റയ്ക്കുണ്ടെന്ന് നിരൂപകൻ ചൂണ്ടിക്കാണിക്കുന്നുണ്ട്. ജനപ്രിയ സിനിമയിലേതുപോലെ എല്ലാ ദുഷ്ടന്മാരും ഇരുമ്പഴിക്കുള്ളിൽ ഒതുങ്ങി നല്ലവരുടേതു മാത്രമായൊരു ലോകം ഈ കഥയിൽ അവശേഷിക്കുന്നില്ല. ജനപ്രിയ കഥയിലെ പൂർണ്ണവിരാമം ഹിഗ്വിറ്റയിലില്ല. എല്ലാ പ്രശ്നങ്ങളും ഈ കഥയിൽ പരിഹരിക്കപ്പെടുന്നുമില്ല (117) എന്നത് ഹിഗ്വിറ്റയെന്ന കഥയെ ജനപ്രിയ സാഹിത്യത്തിൽ നിന്ന് വ്യത്യാസപ്പെടുത്തുന്നുണ്ട്.

ഹിഗ്വിറ്റ സമകാലികമായ സാമാന്യബോധത്തിൽ നിന്നു വലിച്ചു ചീന്തിയ ഒരേടാണ്. വക്കിൽ പ്രത്യയ ശാസ്ത്രം പൊടിഞ്ഞിരിക്കുന്നുവെന്ന് എന്ന വാക്യം ബാല്യകാല്യ സഖിക്ക് എം.പി.പോൾ എഴുതിയ അവതാരികയെ ഓർമ്മിപ്പിക്കുന്നു. ജീവിതത്തിൽ നിന്ന് വലിച്ചു ചീന്തിയ ഏടാണെന്നും വക്കിൽ രക്തം പൊടിഞ്ഞിരിക്കുന്നുവെന്നതിനും പകരമായിട്ടിതിനെ കാണാം. ജീവിതമെന്നതിന് പകരമായി സാമാന്യ ബോധവും രക്തമെന്നതിന് പകരമായി പ്രത്യയശാസ്ത്രവും നിൽക്കുന്നു. സമകാലിക സാമാന്യ ബോധത്തിന്റെ സവിശേഷതകളെക്കൂടി ചേർത്തു വയ്ക്കുമ്പോഴാണ് ഹിഗ്വിറ്റയുടെ ജനപ്രിയ മന:ശാസ്ത്രം വ്യക്തമാകുന്നത്. ഹിഗ്വിറ്റ എന്ന

കഥ എല്ലാത്തരം വായനക്കാർക്കും ഒരു പോലെ ഇഷ്ടപ്പെടാനുള്ള കാരണങ്ങളായി ശ്രീജൻ ചൂണ്ടിക്കാട്ടുന്നത് ഇവയാണ്.

1. നിഗൂഢതയിൽ നിന്ന് കലാത്മകലാവണ്യം ജനിക്കുന്നുവെന്ന ധാരണ
2. എല്ലാ പ്രശ്നങ്ങൾക്കും വൈയക്തിക തലത്തിലാണ് പരിഹാരമെന്ന ധാരണ
3 രക്ഷകനായ ഒരതിമാനുഷ്യൻ വന്നെത്തുമെന്ന പ്രതീക്ഷ
4 തകർന്ന മൂല്യങ്ങൾ മതത്തിൽ ഉയിർക്കുമെന്ന ധാരണ
5 രാഷ്ട്രീയമായ സാമൂഹിക സ്വത്വത്തെ മായ്ക്കണമെന്ന ധാരണ
6. അടി കൊണ്ടാലേ നന്നാകൂ എന്ന ധാരണ
7 ഏകശാസകനിൽ വിശ്വാസം
8. മനസ്സ് വികാരം കൊണ്ടു മാത്രം നിർമ്മിതമാണെന്ന ധാരണ
9 വികാരം വാങ്മയ ചിത്രങ്ങളാണെന്നുള്ള ധാരണ
10 കരുണരസത്താൽ ഉദ്ദീപ്തമാവുന്ന വീര രസത്തോടുള്ള ആദരവ്
11 തനിക്കാവാത്ത കാര്യം കലയിലൂടെ സാക്ഷാത്കരിക്കാമെന്ന പ്രത്യാശ
12 വായന ആസ്വാദനത്തിൽ കവിഞ്ഞ മറ്റൊന്നുമില്ലെന്ന ധാരണ - ഇതെല്ലാമടങ്ങുന്ന ഒരു പ്രത്യയശാസ്ത്രസംഹിതയാണ് ഹിഗ്വിറ്റയെ അർത്ഥവത്താക്കുന്നത് (119). ഈ കഥയെ എല്ലാവരും ഒരുപോലെ ഇഷ്ടപ്പെടാനുള്ള കാരണവും മറ്റൊന്നല്ല. എന്താണ് നല്ല കഥ എന്ന ഒരു മാനകം അദൃശ്യമായി നമ്മുടെ ജനപ്രിയ / ഉദാത്തവായനാരീതികളിൽ പ്രവർത്തിക്കുന്നത് ഹിഗ്വിറ്റയിലും കണ്ടെത്താൻ കഴിയുന്നുണ്ട് എന്ന പക്ഷക്കാരനാണ് ശ്രീജൻ.

ധാർമ്മികമായ തെരഞ്ഞെടുപ്പുകൾക്കു പിന്നിലെ സംഘർഷങ്ങളെക്കുറിച്ചോ യുക്തിബോധങ്ങളെക്കുറിച്ചോ യാതൊന്നും പറയാത്ത ഈ കഥയെ പ്രത്യയശാസ്ത്തിന്റെ ഉപാധികൾ കൊണ്ട് അളക്കുമ്പോൾ കഥയുടെ നിഗൂഢതകൾ തകർന്നു വീഴുമെന്നും ഏതു കെട്ടുകാഴ്ചയും നിലം പരിശാവുമെന്നും തെളിയിക്കുന്നതാണ് ഈ നിരീക്ഷണം. ജനപ്രിയ സാഹിത്യത്തിന്റെ ടൂളുകൾ ഉപയോഗിച്ച കൊണ്ട് ഹിഗ്വിറ്റയെ അപനിർമ്മിക്കാനാണ് വി.സി. ശ്രീജൻ ഈ നിരൂപണത്തിൽ ശ്രമിച്ചിട്ടുള്ളത്. സൗന്ദര്യാനുഭവമെന്നത് കേവലം വൈയക്തികം മാത്രമല്ല എന്നും അതിനു പിന്നിൽ ചരിത്രപരവും പ്രത്യയശാസ്ത്രപരമായ ഘടകങ്ങളുണ്ടെന്നും ആണ് തന്റെ കഥാ നിരൂപണങ്ങളിലൂടെ ശ്രീജൻ പറഞ്ഞു കൊണ്ടിരിക്കുന്നത്. ശാസകന്റെ മൃദുസ്പർശവും ഇത്തരമൊരു അപനിർമ്മാണ വായന തന്നെയാണ് സാധ്യമാക്കുന്നതും.

**കുറിപ്പുകൾ**

1 ആധുനികോത്തരത

മോഡേണിസത്തിൽ നിന്നും ഉരുത്തിരിഞ്ഞതോ, മോഡേണിസത്തിന്റെ പിന്തുടർച്ച ആയോ അല്ലെങ്കിൽ മോഡേണിസത്തിനുള്ള പ്രതികരണമായോ കരുതപ്പെടുന്ന, തത്ത്വചിന്ത, വാസ്തുവിദ്യ, കല, സാഹിത്യം, സംസ്കാരം, വിമർശന സിദ്ധാന്തം എന്നിവയിലെ വ്യാപകമായ വികാസങ്ങളെ ആണ് പോസ്റ്റ്മോഡേണിസം

(ഉത്തരാധുനികത) എന്ന വാക്കുകൊണ്ട് വിവക്ഷിക്കുന്നത്. ഈ വികാസത്തിന്റെ സവിശേഷതകൾ ആണ് ഉത്തരാധുനികത എന്ന സംജ്ഞയ്ക്ക് അർത്ഥം നൽകുന്നത്

2 അപനിർമ്മാണം

ഫ്രഞ്ച് തത്ത്വചിന്തകനായ ഴാക്ക് ദെറിദ അവതരിപ്പിച്ച ഒരു തത്ത്വചിന്താസരണിയാണ് അപനിർമ്മാണം.പാഠവും അർത്ഥവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള അന്വേഷണങ്ങളാണ് അപനിർമ്മാണസിദ്ധാന്തത്തിന്റെ പ്രാരംഭബിന്ദു. പ്ലാറ്റോവിന്റെ ദർശനത്തെ പിന്തുടരുന്ന സത്യാത്മകമായ രൂപം, സത്ത എന്നിങ്ങനെയുള്ള പരികല്പനകളെ ദെറിദ അംഗീകരിക്കുന്നില്ല. പ്രത്യക്ഷമായ കാര്യങ്ങളിൽ ഊന്നുകയും സത്ത പ്രത്യക്ഷതയെ ആശ്രയിച്ചിരിക്കുന്നുവെന്ന് വാദിക്കുകയുമാണ് അപനിർമ്മാണവാദികൾ ചെയ്യുന്നത്. ഭാഷയും ആദർശാത്മകപരികല്പനകളായ സത്യം, നീതി എന്നിങ്ങനെയുള്ളവയും ലളിതവത്കരിക്കാനാവാത്തവിധം സങ്കീർണ്ണങ്ങളാണെന്നും അസ്ഥിരമാണെന്നും എന്താണവ എന്ന് നിശ്ചയിക്കാൻ അസാദ്ധ്യമായവയുമാണെന്ന് ദെറിദ വാദിച്ചു. വർത്തമാനകാല പാശ്ചാത്യ തത്വചിന്തയിലെ സത്താവാദം, ജ്ഞാനസിദ്ധാന്തം, സന്മാർഗ്ഗശാസ്ത്രം, സൗന്ദര്യശാസ്ത്രം, ഭാഷയുടെ തത്വചിന്ത എന്നിവയിലെല്ലാം ദെറിദയുടെ ചിന്തകൾ പ്രാധാന്യത്തോടെ പരിഗണിക്കപ്പെടുന്നു. ഘടനവാദാനന്തരകാലഘട്ടത്തിന്റെ ആരംഭമായിട്ടാണ് അപനിർമ്മാണചിന്തയെ പരിഗണിക്കുന്നത്.

3. ധ്വനി

ഭാരതീയ കാവ്യമീമാംസകനായ ആനന്ദവർദ്ധനൻ ധ്വനിയെ ഒരു കാവ്യപ്രസ്ഥാനമായി വികസിപ്പിച്ചു. ധ്വനിക്ക് ഭാവപരവും രൂപപരവുമായ അർത്ഥമുണ്ട്. അർത്ഥം അതിന്റെ സ്വത്വത്തെയും ശബ്ദം അതിന്റെ അർത്ഥത്തെയും സ്വയം അപ്രധാനീകരിച്ച് കാവ്യാത്മാവായ അർത്ഥത്തെ ധ്വനിപ്പിക്കുന്ന തരം കാവ്യവിശേഷമാണിത്. (ധ്വന്യാലോകം,1.13)

4 അന്റോണിയോ ഗ്രാംഷി

കമ്മ്യൂണിസ്റ്റ് ഇന്റർ നാഷണലിന്റെ ഭാരവാഹി എന്ന നിലയിലും ഇറ്റാലിയൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപകനേതാക്കളിലൊരാൾ എന്ന നിലയിലും മാർക്സിസത്തിന് പുതിയ സൈദ്ധാന്തിക വ്യാഖ്യാനം സൃഷ്ടിച്ച ബുദ്ധിജീവി എന്ന നിലയിലും പ്രശസ്തനായിത്തീർന്ന ചിന്തകനാണ് അന്റോണിയോ ഗ്രാംഷി

5.ലൂയി അൽത്തൂസർ

ഇരുപതാംനൂറ്റാണ്ടിലെ ഒരു പ്രമുഖനായ ഫ്രഞ്ച് മാർക്സിസ്റ്റ് തത്ത്വചിന്തകനായിരുന്നു ലൂയി പിയർ അൽത്തൂസർ (1918-1990).

6 ഹിഗ്വിറ്റ

തൊണ്ണൂറുകളുടെ ആദ്യ പകുതിയിൽ എൻ.എസ് മാധവൻ രചിച്ച ചെറുകഥയാണ് ഹിഗ്വിറ്റ. തെക്കൻ ദില്ലി ഇടവകയിലെ വികാരിയായ ഗീവറുഗീസ് അച്ചനാണ് കഥയിലെ കേന്ദ്രകഥാപാത്രം. സ്കൂളിലെ പി.ടി മാഷിന്റെ മകനായ ഗീവറുഗീസ് സെവൻസ് ഫുട്ബോളിൽ തിളങ്ങുന്ന താരമായിരുന്നു. അച്ചന്റെ രക്തത്തിൽ അലിഞ്ഞുചേർന്നിരുന്ന ഈ ഫുട്ബോൾ ഭ്രമം. ഗോൾമുഖം വിട്ട് കളിക്കളത്തിലിറങ്ങി കളിക്കുന്ന അപകടകരമായ ശൈലി

സ്വീകരിച്ച് സ്വന്തം ടീമിന് നേട്ടങ്ങളും ചിലപ്പോഴൊക്കെ തിരിച്ചടികളും നേടി പ്രസിദ്ധനായ കൊളംബിയൻ ഫുട്ബോൾ ടീം ഗോൾകീപ്പർ, റെനെ ഹിഗ്വിറ്റയുടെ പേരാണ് ഈ കഥയ്ക്ക്. ഗീവർഗീസച്ചൻ, കഥയിൽ പെരുമാറുന്ന രീതിക്ക് ഹിഗ്വിറ്റയുടെ കേളീശൈലിയോട് സാമ്യമുണ്ട്. കാണികൾ തിങ്ങിനിറഞ്ഞ ഒരു മൈതാനത്ത് വർദ്ധിതവീര്യത്തോടെ കളിക്കുന്ന ഒരു കളിക്കാരന്റെ മട്ടോടെയാണ് ഗീവറുഗീസ് അച്ചൻ വായനക്കാരന് മുന്നിൽ തെളിയുന്നത്.

**സഹായകഗ്രന്ഥങ്ങൾ**

1. മാധവൻ, എൻ. എസ്, 1996 (1993), ഹിഗ്വിറ്റ, ഡി സി ബുക്സ്, കോട്ടയം
2. ശ്രീജൻ വി. സി, 1998 (1996), വാക്കും വാക്കും, സമീക്ഷ, കണ്ണൂർ.
3. വത്സലൻ വാതുശ്ശേരി, 2015, മലയാളസാഹിത്യനിരൂപണം അടരുകൾ; അടയാളങ്ങൾ ,കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.